(സി) സംസ്ഥാന റോഡുകളുടേയും പ്രധാന ജില്ലാ റോഡുകളുടേയും വികസനത്തിനുള്ള പദ്ധതികൾക്ക് കേന്ദ്ര റോഡ് ഫണ്ടിൽ (സി.ആർ.എഫ്.) നിന്നും കേന്ദ്ര സർക്കാർ സഹായം അനുവദിക്കുന്നുണ്ട്.

(ഡി) ചേർത്തല മുതൽ കന്യാകുമാരി വരെ ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി നാലുവരിപ്പാതയാക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബൈപ്പാസ് ഉള്ള ഭാഗങ്ങളിൽ ബൈപ്പാസിൽ കൂടിയാണ് ഇതിന്റെ റൂട്ട് പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. ഇതിനായി ഒരു ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനുവേണ്ടി ഒരു കൺസൾട്ടൻസിയെ ഏർപ്പെടുത്തിയിട്ടുണ്ട്.

റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ നടപടി

65 [681] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷംമൂലം സംസ്ഥാനത്തെ എത്ര കിലോമീറ്റർ റോഡുകൾ ഗതാഗതയോഗ്യമല്ലാതായെന്നും, എത്ര കിലോമീറ്റർ റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) ഇക്കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ എത്ര കിലോമീറ്റർ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തിയെന്നും ആയതിന് എന്ത് തുക ചെലവായിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) റോഡിന്റെ അറ്റകുറ്റപ്പണികൾ നടക്കുമ്പോൾ ഏതൊക്കെ പണിയാണെന്നും ഓരോന്നിനും എന്തു തുകയാണെന്നും ഉള്ള വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയുംവിധം അവയുടെ വിവരങ്ങൾ പണിസ്ഥലത്ത് പരസ്യപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാലവർഷംമൂലം പലറോഡുകളുടേയും ഉപരിതലത്തിന് കേട് സംഭവിക്കുകയും കലുങ്കുകൾക്ക് കേടുപാടുകൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്കു പുറമെ ഇടുക്കി, വയനാട് തുടങ്ങിയ മലയോര പ്രദേശങ്ങളിൽ മണ്ണിടിച്ചിലും ഉണ്ടായിട്ടുണ്ട്. ടി കേടുപാടുകൾ തീർത്തുകൊണ്ടിരിക്കുകയാണ്. കേടുപാടുകളുടെ ദൈർഘ്യം സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. ദേശീയപാത 49-ൽ കി.മീ. 208/900 കാലവർഷംമൂലം ഉണ്ടായ കെടുതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഉടൻതന്നെ പരിഹരിക്കപ്പെട്ടു.

(ബി) ഓരോ റോഡിലും ചിലഭാഗങ്ങളിൽ മാത്രമാണ് കേടുപാടുകൾ ഉണ്ടാകുന്നത്. അതിനാൽ അറ്റകുറ്റപ്പണികൾ കൃത്യമായി കണക്കാക്കുവാൻ പ്രയാസമാണ്. പാതകളും പാലങ്ങളും വിഭാഗത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം 174 കോടി രൂപയുടെ മെയിന്റനൻസ് പണികൾ നടത്തിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ 170 കി.മീ. റോഡ് അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്. 21.39 കോടി രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ അറ്റകുറ്റപ്പണികളുടെ എണ്ണം വളരെ കൂടുതൽ ഉള്ളതുകൊണ്ട് പണിസ്ഥലത്ത് പരസ്യപ്പെടുത്തണമെന്ന നിർദ്ദേശം പ്രായോഗികമല്ല. പദ്ധതിയിനത്തിലുള്ള മേജർ പണികൾക്ക് ഈ സമ്പ്രദായം നിലവിലുണ്ട്.

റോഡുകളുടെ അറ്റകുറ്റപ്പണിക്ക് നടപടി

66 [682] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക റോഡുകളും കാലവർഷംമൂലം പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റോഡുകളുടെ അടിയന്തിര റിപ്പയർ പണികൾക്ക് നടപടി സ്വീകരിക്കുമോ;

(സി) എൻ.എച്ച്. റോഡുകളുടേയും എം.സി. റോഡുകളുടെയും അറ്റകുറ്റ പണിക്ക് സർക്കാർ ഇതിനകം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്ത് റോഡുകൾ നന്നാക്കാൻ സാമ്പത്തികശേഷി ഇല്ലാത്ത പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) ദേശീയപാതയിൽ 2004-05 വരെ കേന്ദ്രത്തിൽ നിന്നും 5.48 കോടി രൂപ അറ്റകുറ്റപ്പണികൾക്കായി ലഭിച്ചിട്ടുണ്ട്. എം.സി. റോഡിന് മാത്രമായി തുകയൊന്നും അനുവദിക്കാറില്ല.

(ഡി) മരാമത്ത് വകുപ്പിൽ നിന്നും പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത റോഡുകൾക്ക് ആനുപാതികമായി ബഡ്ജറ്റിൽനിന്നും തുക പഞ്ചായത്തുകൾക്ക് നൽകി വരുന്നുണ്ട്. സാമ്പത്തികശേഷി ഇല്ലാത്ത പഞ്ചായത്തുകൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ത്രിതല പഞ്ചായത്തുകളുടെ കൈവശമുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന നടപടി

67 [683] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ കൈവശമുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന നടപടി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly